


www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

2026 AUGUST26 WEDNESDAY

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# എംഎസ്‌സി മാരി ലെസ്ലി 28ന് നങ്കൂരമിടും

**വിഴിഞ്ഞം:** ഫ്‌ളാഗ് ഓഫ് കഴിഞ്ഞ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് കാത്തു കിടക്കുന്ന രണ്ടു കണ്ടെയ്‌നറുകൾ കേരളത്തിന്റെ ചരക്കുകളു മായി 29ന് കടൽ കടക്കും. അതിനായി എംഎസ്‌സിയുടെ മാരി ലെസ്ലി 28ന് വിഴിഞ്ഞം തുറമുഖത്ത് നങ്കൂരമിടും.

വാഴയ്ക്ക, ചക്ക ഉൾപ്പെടെയുള്ള ചിപ്സ്, വറ്റൽ ഉത്പ ന്നങ്ങളും മറയൂർ ശർക്കരയുമായുള്ള നിലമേൽ എക്സ് പോർട്ടിൻറെ കണ്ടെയ്നർ സ്പെയിനിലെ വാലൻഷ്യാ തുറമുത്തേക്കു യാത്ര തിരിക്കുമ്പോൾ ചാക്യാട്ട് എക്സ്പോർട്ടിൻറെ മേൽനോട്ടത്തിൽ കാൽഷ്യൻറ് ക്ലേയുമായുള്ള കണ്ടെയ്നർ തുർക്കിയിലെ ഇസ്താംബൂളിലേക്ക് പോകും.

ചിപ്സ് ഐറ്റംസ് 21 ദിവസംകൊണ്ട് ലക്ഷ്യസ്ഥാനത്ത് എത്തുമ്പോൾ കാൽഷ്യൻറ് ക്ലേ 30 ദിവസത്തിനുള്ളിൽ തുർക്കിയിൽ അടുക്കുമെന്നാണറിവ്. ഹിമാലയൻ എക്സ്പ്രസ് റൂട്ടുവഴി മെഡിറ്ററേനിയൻ പോർട്ടുകൾ, യൂറോപ്പ്, ആഫ്രിക്ക, കാനഡ എന്നിവിടങ്ങളിലേക്കു വിഴിഞ്ഞത്തുനിന്നു നേരിട്ടുള്ള ആദ്യ സർവീസ് ലക്ഷ്യം വച്ചാണ് മാരി ലസ്ലിയുടെ വരവ്.

ഇനിമുതൽ ഈ റൂട്ടിലെക്ക് ചരക്കുമായി പോകാൻ മാസത്തിൽ രണ്ട് കപ്പലുകൾ വീതം വിഴിഞ്ഞം തുറമുഖത്ത് അടുക്കും. കയറ്റിറക്ക് പൂർണതോതിൽ എത്തുന്നതോടെ സമയലാഭവും സാമ്പത്തിക ലാഭവും ഉണ്ടാകുമെന്നാണ് ഏജൻസികളുടെ വിലയിരുത്തൽ.

നേരത്തെ കൊച്ചിയിൽ നിന്ന് കൊളംബോ വഴിയായിരുന്നു ഇവരുടെ കയറ്റുമതി. അന്നുള്ളതിനേക്കാൾ




പകുതി ദിവസം കൊണ്ട് സ്പെയിനിലും തുർക്കിയിലും എത്തുമെന്നതാണ് വിഴിഞ്ഞത്തിൻറെ പ്രത്യേകത. എന്നാൽ പറയുന്ന തരത്തിലുള്ള കണ്ടെയ്നർ കടത്ത് സാധ്യമാകണമെങ്കിൽ കണ്ടെയ്നർ യാർഡും ഫ്രൈറ്റ് സ്റ്റേഷനും വിഴിഞ്ഞത്തു വരണം. നിലവിൽ കസ്റ്റംസ് സീലിംഗ് പെർമിഷൻ സ്വന്തമായുള്ള ഏജൻസികൾക്കും ഫുൾ കണ്ടെയ്നർ കയറ്റുമതിക്കാർക്കുമാണ് ഇതുവഴിയുള്ള പ്രയോജനം.

ബഹുഭൂരിപക്ഷം വരുന്ന ചെറുകിട കയറ്റുമതിക്കാർ വികസനം വരുന്നതുവരെ കാത്തിരിക്കണം. വിഴിഞ്ഞത്ത് കണ്ടെയ്നർ യാർഡ് ഇല്ലാത്തതിനാൽ ചരക്ക് കയറ്റാൻ എംഎസ്സിയുടെ ഒഴിഞ്ഞ കണ്ടെയ്നറുകൾ കൊച്ചിയിൽനിന്ന് എടുത്തുവേണം ഗോഡൗണുകളിൽ എത്തിക്കാൻ. ഇതുമൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം പല ഏജൻസികളെയും പിന്തിരിപ്പിക്കുന്നതായാണറിവ്. നിലവിൽ ഫ്ളാഗ് ഓഫ് കഴിഞ്ഞ രണ്ട് കണ്ടെയ്നറുകൾക്കുപരി നിലമേൽ എക്സ് പോർട്ടിൻറെ വക ഒരു കണ്ടെയ്നർ അടുത്തമാസം കാനഡയിലേക്കും കയറ്റി അയക്കുമെന്നും അറിയുന്നു. എന്നാൽ ഇറക്കുമതിയുടെ കാര്യത്തിൽ ഇതുവരെയും ഒരു തീരുമാനമായില്ല.

വിഴിഞ്ഞത്തെ അടിസ്ഥാന വികസനക്കുറവാണ് ഇറക്കുമതിയെ പിന്നോട്ടടിക്കാൻ കാരണമായും പറയപ്പെടുന്നു.

## പഞ്ചസാരയ്ക്കു പിന്നാലെ സവാളവിലയും കുതിക്കുന്നു

**ന്യൂദൽഹി:** പഞ്ചസാരയ്ക്കു പിന്നാലെ രാജ്യത്ത് സവാളവിലയും കുതിക്കുന്നു. കേരളം, ഡൽഹി, തമിഴ്നാട്, ആസാം എന്നിവിടങ്ങളിലെല്ലാം സവാളവിലയിൽ വൻ വർധനയാണുണ്ടായത്. കിലോയ്ക്ക് 43.53 രൂപയാണ് ഇന്നലെ രാജ്യത്തെ ശരാശരി ചില്ലറ വില്പന വില.

കഴിഞ്ഞ വർഷം ഇതേ ദിവസം 27.37 രൂപയായിരുന്നു ശരാശരി ചില്ലറവില്പന വില. 59 ശതമാനം വർധനയാണുണ്ടായത്. ഹോൾസെയിൽ വില കിലോയ്ക്ക് 35.58 ആയി. കഴിഞ്ഞ വർഷം 21.23 രൂപ ആയിരുന്നു.

ചെന്നൈയിൽ സവാള വില കിലോയ്ക്ക് 60 രൂപയായി. 33 രൂപയായിരുന്നു ഒരു വർഷം മുന്പത്തെ വില. ഡൽഹിയിൽ 55 രൂപയും കോൽക്കത്തയിൽ 53 രൂപയുമായിരുന്നു ഇന്നലത്തെ വില. സവാള വില പിടിച്ചുനിർത്താൻ സർക്കാർ ശ്രമമാരംഭിച്ചിട്ടുണ്ട്.

രാജ്യത്തെ ഏറ്റവും വലിയ സവാള ഉത്പാദന കേന്ദ്രമായ നാസിക്കിൽനിന്ന് ട്രെയിനിൽ വിവിധ കേന്ദ്രങ്ങളിലേക്ക് സവാള എത്തിക്കും. കാന്ദ എക്സ്പ്രസിൽ കൊച്ചി ഉൾപ്പടെയുള്ള നഗരങ്ങളിൽ ഇന്നു സവാള എത്തിക്കും.

## എംപിഎംഎസ്; മൊബൈൽ ഫോൺ ഉത്പാദനം: 39 ലക്ഷം കോടിയിലെത്തുമെന്ന് അശ്വിനി വൈഷ്ണവ്

**ന്യൂദൽഹി:** കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം നടപ്പാക്കുന്ന മൊബൈൽ ഫോൺ നിർമാണ പദ്ധതി (എംപിഎംഎസ്)യിലൂടെ രാജ്യത്തെ മൊബൈൽ ഫോൺ ഉൽപ്പാദനം 39 ലക്ഷം കോടി രൂപയിലെത്തുമെന്ന് കേന്ദ്ര ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി മന്ത്രി അശ്വിനി വൈഷ്ണവ്. പദ്ധതിയുടെ ലോഞ്ചിങ് ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിലവിൽ 22 ലക്ഷം കോടി രൂപയുടെ മൊബൈൽ ഫോൺ ഉത്പാദനമാണ് നടക്കുന്നത്. ഇത് ഇരട്ടിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. 62,500 കോടി രൂപയാണ് പദ്ധതിയുടെ ബജറ്റ് വിഹിതം.

രൂപകല്പന, ഗവേഷണം എന്നിവയിൽ ഭാരതീയ പേറ്റന്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തദ്ദേശീയ മൊബൈൽ ഫോൺ ബ്രാൻഡുകളെ പിന്തുണയ്ക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വകുപ്പ് സെക്രട്ടറി എസ്. കൃഷ്ണനും ചടങ്ങിൽ പങ്കെടുത്തു.

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

ഓണം പ്രമാണിച്ച് ഇന്ന്
അവധിയായതിനാൽ
സൊസൈറ്റി ടുഡേ നാളെ (വ്യാഴം)
ഉണ്ടായിരിക്കുന്നതല്ല

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
*As Per EMI Scheme Basis *T&C Apply
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53

## ആമസോണുമായി സഹകരിച്ച് രാജ്യവ്യാപക ക്ലൗഡ്

**ന്യൂദൽഹി:** കേന്ദ്ര നൈപുണ്യ വികസനസംരംഭകത്വ മന്ത്രാലയത്തിന് കീഴിലെ ദേശീയ നൈപുണ്യ വികസന കോർപ്പറേഷനും കൾട്ടസ് എജ്യുക്കേഷനും ആമസോൺ വെബ് സർവീസസുമായി സഹകരിച്ച് രാജ്യവ്യാപക ക്ലൗഡ്, നിർമിതബുദ്ധി നൈപുണ്യ വികസന പദ്ധതിക്ക് തുടക്കം കുറിച്ചു. ആമസോൺ വെബ് സർവീസസ് ഡിജിറ്റൽ പരിശീലന ഉള്ളടക്കത്തിലൂടെ 1.5 ലക്ഷം പഠിതാക്കൾക്ക് അടിസ്ഥാന എഐ, ക്ലൗഡ് സാക്ഷരത നൽകുന്നതാണ് പദ്ധതി. കൂടാതെ 'എഡബ്ല്യുഎസ് റീസ്റ്റാർട്ട്' പരിപാടിയിലൂടെ 10,000 പേരെ തൊഴിൽ സജ്ജരാക്കുന്ന സമഗ്ര പരിശീലനവും ലഭ്യമാക്കും. വ്യക്തികളിൽ ക്ലൗഡ് കംപ്യൂട്ടിങ് കഴിവുകൾ വളർത്താനും തദ്ദേശീയ തൊഴിലവസരങ്ങൾ ലഭ്യമാക്കാനും സഹായിക്കുന്ന സൗജന്യ ബാച്ച് അധിഷ്ഠിത തൊഴിൽ നൈപുണ്യ പരിശീലന പരിപാടിയാണിത്. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് നേരിട്ട് അഭിമുഖ അവസരങ്ങളും ലഭിക്കും.

രണ്ടാംനിര, മൂന്നാംനിര നഗരങ്ങളിലെ യുവാക്കൾ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുകയാണ് ഈ സംയുക്ത സംരംഭത്തിന്റെ ലക്ഷ്യം. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട സാങ്കേതിക പരിശീലനത്തിന്റെ കുറവ്, പ്രമുഖ സാങ്കേതിക കമ്പനികളുമായി ബന്ധമില്ലായ്മ, ക്ലൗഡ്എഐ മേഖലകളിലെ തൊഴിലുകൾക്കുവേണ്ടി മത്സരിക്കുന്നതിൽ സർട്ടിഫിക്കേഷനുകളുടെ അഭാവം എന്നിവ മറികടക്കാൻ ഇത് സഹായിക്കും. ദേശീയ നൈപുണ്യ വികസന കോർപ്പറേഷന്റെ പങ്കാളിയായ കൾട്ടസ് വഴി 100 ശതമാനം ഓൺലൈനായി നടപ്പാക്കുന്ന പദ്ധതി എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ലഭ്യമാക്കും; അവസരങ്ങൾ കുറവുള്ള മേഖലകളിലെ യുവാക്കൾക്കാണ് മുൻഗണന. ദേശീയ തലത്തിൽ സംഘടിപ്പിക്കുന്ന ഹാക്കത്തോണോടെയാണ് പരിപാടിയുടെ സമാപനം.

ഭൂമിശാസ്ത്രപരമായ സ്ഥാനമോ പശ്ചാത്തലമോ അവസരങ്ങൾക്ക് തടസ്സമാകരുതെന്ന വികസിത ഇന്ത്യ കാഴ്ചപ്പാടിന്റെ പ്രതിഫലനമാണ് സംരംഭമെന്ന് കേന്ദ്ര നൈപുണ്യ വികസനസംരംഭകത്വ സഹമന്ത്രിയും (സ്വതന്ത്ര ചുമതല) വിദ്യാഭ്യാസ സഹമന്ത്രിയുമായ ജയന്ത് ചൗധരി പറഞ്ഞു. നൂതനാശയങ്ങളുടെയും സാങ്കേതികവിദ്യയുടെയും പ്രതിഭകളുടെയും ആഗോള കേന്ദ്രമായി ഇന്ത്യ വളരുമ്പോൾ രണ്ടാംനിര, മൂന്നാംനിര നഗരങ്ങളിലെ യുവജനങ്ങൾക്ക് ഭാവി തൊഴിലുകൾക്കാവശ്യമായ വൈദഗ്ധ്യം നേടാൻ അവസരം ലഭിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. 2047 ലെ വികസിത ഇന്ത്യയെന്ന ലക്ഷ്യത്തിലേക്ക് നടത്തുന്ന പ്രയാണത്തിന് കരുത്തേകുന്ന സമഗ്രവും വൈദഗ്ധ്യപൂർണവും ഭാവി സജ്ജവുമായ തൊഴിൽസേനയെ സൃഷ്ടിക്കുന്നതിൽ ഇത്തരം പദ്ധതികൾ സുപ്രധാന പങ്കുവഹിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

വ്യക്തികൾക്ക് ക്ലൗഡ് രംഗത്ത് മികച്ച കരിയർ തുടങ്ങാനും കമ്പനികൾക്ക് ആവശ്യാനുസരണം വിദഗ്ധ പ്രതിഭകളെ കണ്ടെത്താനും സമൂഹത്തിന് വളർച്ച കൈവരിക്കാനും വഴിയൊരുക്കുന്ന 'എഡബ്ല്യുഎസ് റീസ്റ്റാർട്ട്' പരിപാടി പുതിയ പ്രതിഭകളെ തൊഴിൽ മേഖലയിലേക്ക് എത്തിക്കുന്നുവെന്ന് എഡബ്ല്യുഎസ് സ്കില്ലിംഗ് & സോഷ്യൽ ഇംപാക്റ്റ് ഏഷ്യപസഫിക് മേധാവി റാണി ബർച്ച്മോർ പറഞ്ഞു. കൂടുതൽ കരുത്തുറ്റ ക്ലൗഡ് തൊഴിൽസേനയെ വാർത്തെടുക്കാൻ ദേശീയ നൈപുണ്യ വികസന കോർപ്പറേഷനുമായും കൾട്ടസ് എജ്യുക്കേഷനുമായും സഹകരിക്കുന്നതിൽ അഭിമാനമുണ്ടെന്നും അവർ വ്യക്തമാക്കി.

ആത്മവിശ്വാസവും യോഗ്യതകളും അർത്ഥപൂർണമായ തൊഴിലവസരങ്ങളുമായി പഠനം മാറുന്നുണ്ടോ എന്നതിലാണ് നൈപുണ്യ വികസനത്തിന്റെ യഥാർത്ഥ വിജയമെന്ന് കൾട്ടസ് എജ്യുക്കേഷൻ ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ നളിൻ സിങ് പറഞ്ഞു.

# സ്റ്റേജ് കാരിയജുകളുടെ സമയം പുന: ക്രമീകരണം

സംസ്ഥാനത്ത് നഗരപ്രദേശങ്ങളിൽ സ്വകാര്യ ബസുകൾ തമ്മിൽ അഞ്ച് മിനിറ്റും പഞ്ചായത്ത് പ്രദേശങ്ങളിൽ പത്ത് മിനിറ്റും ഇടവേള വേണമെന്നുള്ള സർക്കാർ നിർദ്ദേശം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി സ്റ്റേജ് കാരിയജുകളുടെ സമയക്രമം പുനർ നിശ്ചയിക്കുന്നു.

സ്ഥിരം പെർമിറ്റുള്ള, താഴെ പറയുന്ന സ്റ്റേജ് കാരിയജുകളുടെ ഓപ്പറേറ്റർമാർ പെർമിറ്റ്, ടൈം ഷീറ്റ് എന്നിവയുടെ അസലും പകർപ്പും സഹിതം നിർദ്ദിഷ്ട തിയതികളിൽ എറണാകുളം ആർ ടി എ സെക്രട്ടറിയുടെ ഓഫീസിൽ ഹാജരാകണം. അല്ലാത്തവരുടെ പെർമിറ്റുകൾ പരിഗണിക്കാതെ ടൈം ഷെഡ്യൂൾ പ്രസിദ്ധീകരിക്കുന്നതാണ്.

ആർ.ടി.എ സെക്രട്ടറിയുടെ ഓഫീസിൽ ഹാജരാകേണ്ട തിയതികൾ: വൈറ്റില വൈറ്റില ക്ലോക്ക് വൈസ് ആൻഡ് ആന്റ് ക്ലോക്ക് വൈസ് ഓഗസ്റ്റ് 31, ആലുവ ഫോർട്ട് കൊച്ചി സെപ്റ്റംബർ ഒന്ന്, കാക്കനാട് നിന്നും ആരംഭിക്കുന്ന സിറ്റി സർവീസുകൾ സെപ്റ്റംബർ രണ്ട്, നോർത്ത് പറവൂർ ഹൈക്കോർട്ട് ജംഗ്ഷൻ സെപ്റ്റംബർ മൂന്ന്.

# നൂറുദിന കർമ്മ പരിപാടി: ആയിരം പഠനമുറികൾ യാഥാർത്ഥ്യമാകുന്നു

**തിരുവനന്തപുരം:** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും മികച്ച പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിനുമായി പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിവരുന്ന 'പഠനമുറി' പദ്ധതിയുടെ മാനദണ്ഡങ്ങളിൽ സർക്കാർ ഭേദഗതി വരുത്തി. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള നിലവിലെ വീടിന്റെ വിസ്തീർണ്ണ പരിധി 800 ചതുരശ്ര അടിയിൽ നിന്ന് 1000 ചതുരശ്ര അടിയായി ഉയർത്തിയാണ് സർക്കാർ ഉത്തരവിറക്കിയത്. മാനദണ്ഡങ്ങളിലെ ചില വ്യവസ്ഥകൾ കാരണം അർഹതയുണ്ടായിരുന്ന നിരവധി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് തടസ്സങ്ങൾ നേരിട്ടിരുന്നു. വിദ്യാർത്ഥികളുടെ ആവശ്യം പരിഗണിച്ചാണ് വീടിന്റെ വിസ്തീർണ്ണ പരിധി 1000 ചതുരശ്ര അടിയായി ഉയർത്താൻ സർക്കാർ തീരുമാനിച്ചത്. നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 1000 പഠനമുറികൾ 100 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുകയെന്ന ലക്ഷ്യം സർക്കാർ കൈവരിച്ചു.

കൂടുതൽ അർഹരായ വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനും പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായാണ് മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയതെന്ന് പട്ടികജാതി പട്ടികവർഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി കെ എ തുളസി അറിയിച്ചു. സർക്കാരിൻറെ നൂറു ദിന കർമ്മപരിപാടികളുടെ ഭാഗമായി വകുപ്പ് പ്രഖ്യാപിച്ച മറ്റൊരു സുപ്രധാന പദ്ധതികുടിയാണ് യാഥാർത്ഥ്യമാകുന്നത്. പുതിയ തീരുമാനം കൂടുതൽ വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാനും അവരുടെ പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്താനും സഹായകമാകുമെന്നും മന്ത്രി പറഞ്ഞു.

## അറിയിപ്പുകൾ

### കരാർ നിയമനം

എറണാകുളം മഹാരാജാസ് കോളേജിലെ പരീക്ഷ കൺട്രോളർ ഓഫീസിലേക്ക് ഡാറ്റ എൻട്രി ഓപ്പറേറ്റർ, ഓഫീസ് അറ്റൻഡന്റ് തസ്തികകളിലേക്ക് 179 ദിവസത്തേക്ക് കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു.

അംഗീകൃത സർവകലാശാലാ ബിരുദം അല്ലെങ്കിൽ ഡിപ്ലോമ, കമ്പ്യൂട്ടർ പരിജ്ഞാനവും( രണ്ട് വർഷത്തെ പ്രവൃത്തിപരിചയം അഭിലഷണീയം) ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിലേക്കും,

പ്ലസ് ടു അല്ലെങ്കിൽ തതുല്യ യോഗ്യതയും കമ്പ്യൂട്ടർ പരിജ്ഞാനവും (രണ്ടു വർഷത്തെ പ്രവൃത്തിപരിചയം അഭിലഷണീയം) ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്കും അപേക്ഷിക്കാം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഓഗസ്റ്റ് 31ന് രാവിലെ 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി കോളേജ് ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

### സ്പോട്ട് അഡ്മിഷൻ

സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ നോർത്ത് പറവൂരിൽ പ്രവർത്തിക്കുന്ന സഹകരണ പരിശീലന കോളേജിൽ 2026-27 അധ്യയന വർഷത്തെ എച്ച്.ഡി.സി & ബി.എം. (ഹയർ ഡിപ്ലോമ ഇൻ കോഓപ്പറേഷൻ & ബിസിനസ്സ് മാനേജ്മെന്റ്) കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ഇതുവരെ അപേക്ഷിക്കാത്തവർക്കായി സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

ഏതെങ്കിലും വിഷയത്തിലുള്ള അംഗീകൃത സർവ്വകലാശാല ബിരുദമാണ് അടിസ്ഥാന യോഗ്യത. സംവരണ വിഭാഗക്കാർക്ക് സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9447077511, 953916826, 0484 2447866 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

# ഹെൽത്ത് ക്യാമ്പ് 30ന്

**കോഴഞ്ചേരി:** അടുത്ത പത്തു വർഷത്തിനുള്ളിൽ എല്ലുകൾക്ക് പൊട്ടലോ ഒടിവോ ഉണ്ടാകാനുള്ള സാധ്യതകൾ വിലയിരുത്തുന്നതിനും വർധിച്ചുവരുന്ന അസ്ഥിക്ഷയവും എല്ലുകളുടെ ബലക്കുറവും നേരത്തെ തിരിച്ചറിഞ്ഞ് ഫലപ്രദമായി പ്രതിരോധിക്കുന്നതിനും കോഴഞ്ചേരി മുത്തൂറ്റ് ആശുപത്രിയിൽ അത്യാധുനിക ബോൺ ആൻഡ് ബോഡി ഹെൽത്ത് ക്യാമ്പ് 30നു സംഘടിപ്പിക്കും.

സ്ലോട്ടുകൾ പരിമിതമായതിനാൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 99461 60000 എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യണം.




# എസ് എഫ് സി ഗോളോണം ആഘോഷിച്ചു

**കൊച്ചി :**തോപ്പുംപടി സതേൺ ഫുട്ബോൾ ക്ലബ്ബിന്റെ 'ഗോളോണം 2026' ഓണാഘോഷം കൊച്ചിൻ പോർട്ട് ട്രസ്റ്റ് റിക്രിയേഷൻ ക്ലബ്ബിലും ഗേറ്റ്‌വേ ടർഫ് ഗ്രൗണ്ടിലുമായി വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. പ്രസിഡന്റ് എം. എസ്. സനൂജിന്റെ അധ്യക്ഷതയിൽ സെക്രട്ടറി ഫ്രാൻസിസ് ആൽഫ്രഡ്സ്വാഗതം പറഞ്ഞു.

എസ് എഫ് സി ലീഗിന്റെ സ്പോൺസറായ റാന്തൽകഫെയെ പ്രതിനിധീകരിച്ചെത്തിയ വ്യക്തിയും ക്ലബിലെ മുതിർന്ന കളിക്കാരും ചേർന്ന് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. ഓണസദ്യക്ക് ശേഷം, മുൻ കേരള വോളിബോൾ ടീം കോച്ച് അബ്ദുൽ നാസർ ഓണം ഗിഫ്റ്റ് വിതരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു തുടർന്ന് ഗേറ്റ്‌വേ ടർഫ് ഗ്രൗണ്ടിൽ വിവിധ ഓണാഘോഷ മത്സരങ്ങളും അരങ്ങേറി.

മാവേലി എഫ്സി, പൂക്കളം എഫ്സി, വള്ളംകളി എഫ്സി, ഓണസദ്യ എഫ്സി, എന്നീ ടീമുകൾ തമ്മിൽ വിവിധ മത്സരങ്ങളിൽ മാറ്റുരച്ചു . ഏറ്റവും കൂടുതൽ പോയിന്റ് നേടിയ വള്ളംകളി എഫ്സി ഒന്നാം സ്ഥാനം കരസ്ഥമാക്കി.



സൊസൈറ്റി ടുഡേ
SOCIETY TODAY





# അമൃത വിശ്വവിദ്യാപീഠം; 609 വിദ്യാർഥികൾക്ക് ബിരുദദാനം നടത്തി

**കൊച്ചി :** ശക്തമായ നിശ്ചയദാർഢ്യമുണ്ടെങ്കിൽ എന്തും സാധ്യമാകുമെന്ന് സ്വാമി പൂർണ്ണാമൃതാനന്ദപുരി. ഇച്ഛാശക്തി, ജ്ഞാനശക്തി, ക്രിയാശക്തി ഈ മൂന്ന് ശക്തികളിലൂടെയുള്ള ശക്തമായ നിശ്ചയദാർഢ്യം പ്രകൃതിയുടെ നിയമങ്ങളെ പോലും മാറ്റിമറിക്കുകയും ദൈവീകമായ സഹായം ലഭ്യമാക്കുകയും ചെയ്യും എന്ന് മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണ്ണാമൃതാനന്ദപുരി പറഞ്ഞു. അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസിൽ നടന്ന ബിരുദദാന ചടങ്ങുകളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അമൃത ആശുപത്രിയിലെ അമൃതായനം ഓഡിറ്റോറിയത്തിൽ നടന്ന ബിരുദദാന ചടങ്ങിൽ വിവിധ വിഭാഗങ്ങളിൽ നിന്നായി 262 പേർ ബിരുദവും, 317 പേർ ബിരുദാനന്തര ബിരുദവും, 30 പേർ പി.എച്ച്.ഡി. ബിരുദവും കരസ്ഥമാക്കി.

ഓഗസ്റ്റ് 22,23 എന്നീ രണ്ട് ദിവസങ്ങളിലായാണ് ബിരുദാദാന സമർപ്പണം പൂർത്തിയാക്കിയത്.

ഓഗസ്റ്റ് 22ന് നടന്ന ചടങ്ങിൽ മണിപ്പാൽ അക്കാദമി ഓഫ് ഹയർ എജ്യുക്കേഷൻ പ്രോ വൈസ് ചാൻസലർ ഡോ. ദിലീപ് ഗോപിനാഥ് നായിക് മുഖ്യാതിഥിയായിരുന്നു. ഇൻ ആപ്പ് സഹസ്ഥാപകനും സിഇഒയും നാസ്കോം നാഷണൽ കൗൺസിൽ അംഗവുമായ വിജയ് കുമാർ, അമൃത സ്കൂൾ ഓഫ് ബിസിനസ് പ്രിൻസിപ്പൽ പ്രൊഫ. രാജീവ് പ്രസാദ്, അമൃത സ്കൂൾ ഓഫ് നാനോസയൻസസ് ആൻഡ് മോളിക്യുലർ മെഡിസിൻ ഡീൻ ഡോ. ശാന്തി നായർ, അമൃത വിശ്വവിദ്യാപീഠം ഡെപ്യൂട്ടി രജിസ്ട്രാർ ഡോ. പ്രശാന്ത് ആർ നായർ, സ്കൂൾ ഓഫ് ഡെന്റിസ്റ്ററി പ്രിൻസിപ്പൽ ഡോ. ബാലഗോപാൽ വർമ്മ, ഹെൽത്ത് സയൻസ് റിസർച്ച് ഡീൻ ഡോ. ഡി. എം. വാസുദേവൻ, സ്കൂൾ ഓഫ് ബിസിനസ് ഡീൻ ഡോ. രഘു രാമൻ തുടങ്ങിയവർ പങ്കെടുത്തു .

ഓഗസ്റ്റ് 23ന് സെൻട്രൽ ഡ്രഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ലഖ്നൗ ഡയറക്ടർ ഡോ. രാധാ രംഗരാജൻ മുഖ്യാതിഥിയായിരുന്നു. അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. സബിത എം., അമൃത വിശ്വവിദ്യാപീഠം രജിസ്ട്രാർ ഡോ. ബിപിൻ നായർ, അക്കാദമിക്സ് അസോസിയേറ്റ് പ്രൊവോസ്റ്റ് ഡോ. ശാന്തികുമാർ വി. നായർ, അമൃത വിശ്വവിദ്യാപീഠം കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഡോ. പി. കൃഷ്ണകുമാർ, തുടങ്ങിയവർ സംസാരിച്ചു.

വിവിധ വിഭാഗങ്ങളിൽ മികവ് പുലർത്തിയ വിദ്യാർഥികൾക്കുള്ള പുരസ്കാരങ്ങൾ, റാങ്ക് സർട്ടിഫിക്കറ്റുകൾ, പി.എച്ച്.ഡി. ബിരുദങ്ങൾ എന്നിവയും വിതരണം ചെയ്തു. അമൃത വിശ്വവിദ്യാപീഠം, അമൃത ആശുപത്രി എന്നിവയുടെ വിവിധ വിഭാഗങ്ങളിലെ മേധാവികൾ, അധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ, പൂർവവിദ്യാർഥികൾ തുടങ്ങിയവരും ചടങ്ങുകളിൽ സന്നിഹിതരായിരുന്നു.

## നാടൻ ഉത്പന്നങ്ങളാൽ സമൃദ്ധമായി നാരങ്ങാനം കർഷക വിപണി

**നാരങ്ങാനം:** കർഷകരുടെ നാടൻ ഉത്പന്നങ്ങളാൽ സമൃദ്ധമായി നാരങ്ങാനം കർഷക വിപണി. ഒ കൃഷിഭവൻ അങ്കണത്തിൽ നടക്കുന്ന കർഷക വിപണി ഇന്നുവരെയാണ്. ജില്ലാ പഞ്ചായത്ത് മെംബർ സ്റ്റെല്ലാ തോമസ് വിപണിയുടെ ഉദ്ഘാടനം നിർവഹിച്ചു.

നാരങ്ങാനം ഗ്രാമപഞ്ചായത്ത് ആക്ടിംഗ് പ്രസിഡൻറ് ജെസി മാത്യു അധ്യക്ഷത വഹിച്ചു. നാരങ്ങാനം ഗ്രാമപഞ്ചായത്തിലെ കർഷകർ ഉത്പാദിപ്പിച്ച വിവിധയിനം നാടൻ കാർഷിക ഉത്പന്നങ്ങളാണ് വിപണിയുടെ പ്രധാന ആകർഷണം. നാടൻ പച്ചമുളക്, പാവയ്ക്ക, പടവലങ്ങ, നേന്ത്രൻ, കുമ്പളങ്ങ, മത്തങ്ങ, ചേന, ചേമ്പ്, തേങ്ങ, വെള്ളരിക്ക തുടങ്ങിയ പച്ചക്കറികളും മറ്റ് കാർഷിക ഉത്പന്നങ്ങളും വിപണിയിൽ ലഭ്യമാണ്.

നാരങ്ങാനത്തിന്റെ കാർഷിക സമൃദ്ധിയും കർഷകരുടെ അധ്വാനവും വിളിച്ചോതുന്ന തരത്തിലാണ് കർഷക വിപി ഒരുക്കിയിരിക്കുന്നത്. ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള നാടൻ കാർഷിക ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിനും വിപണി സഹായകമാകും. നാരങ്ങാനം ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, കാർഷിക വികസന സമിതി അംഗങ്ങൾ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

## സഞ്ചരിക്കുന്ന റേഷൻ കട പദ്ധതിക്ക് തുടക്കം

**കോതമംഗലം:** സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ഗോത്രവർഗ ഉന്നതിയിലേക്ക് സഞ്ചരിക്കുന്ന റേഷൻ കടയെത്തിക്കുന്ന പദ്ധതിക്ക് ജില്ലയിൽ തുടക്കമായി.സർക്കാരിന്റെ 100 ദിന കർമപരിപാടിയുടെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നത്. കുട്ടമ്പുഴ പഞ്ചായത്തിലെ താളുകണ്ടം ഗോത്രവർഗ ഉന്നതിയിലാണ് സഞ്ചരിക്കുന്ന റേഷൻ അടക്കമുള്ള ഭക്ഷ്യസാധനങ്ങൾ ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെൻറിന്റെ നേതൃത്വത്തിൽ ഉന്നതിയിൽ എത്തിച്ച് വിതരണം ചെയ്യുന്നത്. പിന്നാക്ക വിഭാഗങ്ങൾക്ക് റേഷൻ സൗകര്യം കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

വിദൂരവും ദുർഘടവുമായ പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ വിഭാഗങ്ങൾക്ക് റേഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി ഗുണകരമാകും. വടാട്ടുപാറ മിനി സ്റ്റേഡിയത്തിൽ നടന്ന ജില്ലാതല ഉദ്ഘാടനവും സഞ്ചരിക്കുന്ന റേഷൻ കടയുടെ ഫ്ലാഗ് ഓഫും ഭക്ഷ്യ പൊതുവിതരണമന്ത്രി അനൂപ് ജേക്കബ് നിർവഹിച്ചു. ഷിബു തെക്കുംപുറം എംഎൽഎ അധ്യക്ഷത വഹിച്ചു. ഡീൻ കുര്യാക്കോസ് എംപി മുഖ്യാതിഥിയായി.



## മൂവാറ്റുപുഴ,ബംഗളൂരു കെഎസ്ആർടിസി സർവീസ്

**മൂവാറ്റുപുഴ:** മൂവാറ്റുപുഴയിൽ നിന്ന് ബംഗ്ലൂർക്കും ഇനി കെഎസ്ആർടിസിയിൽ സഞ്ചരിക്കാം. ബസ് സർവീസ് പദ്ധതിയുടെ ഉദ്ഘാടനം മാത്യു കുഴൽനാടൻ എംഎൽഎ ഫ്ളാഗ് ഓഫ് ചെയ്തു.

ദിവസവും വൈകുന്നേരം ആറിന് മൂവാറ്റുപുഴ കെഎസ്ആർടിസി ബസ് സ്റ്റേഷനിൽ നിന്ന് പുറപ്പെടും. പിറ്റേ ദിവസം വൈകുന്നേരം ഏഴിന് ബംഗളൂരുവിൽനിന്ന് മൂവാറ്റുപുഴക്ക് തിരിക്കും. ബസ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു മാത്യു കുഴൽനാടൻ എംഎൽഎ കത്ത് നൽകിയതിനെ തുടർന്നാണ് കെഎസ്ആർടിസി ബസ് അനുവദിച്ചത്. മാത്യു കുഴൽനാടൻ എംഎൽഎ, ജില്ല പഞ്ചായത്തംഗം മാത്യൂസ് വർക്കി, സാബു ജോൺ, കെ.എ. അബ്ദുൾ സലാം, ജോളി എന്നിവർ പങ്കെടുത്തു.

# മാരുതിയുടെ കുഞ്ഞൻ ഇവി സുസുക്കി ഇസ്കൈ

ചെറു ഇലക്ട്രിക് കാർ ഇ സ്കൈയെ പ്രദർശിപ്പിച്ച് സുസുക്കി. ജപ്പാനീസ് വിപണിയിലേയ്ക്കാണ് പുതിയ കാറിനെ സുസുക്കി പുറത്തിറക്കിയത്. ഇന്ത്യയിലേയ്ക്കും വാഹനമെത്തുമെന്ന് തന്നെയാണ് പ്രതീക്ഷ. ഒറ്റ ചാർജിൽ 310 കിലോമീറ്റർ വരെ സഞ്ചരിക്കാൻ ശേഷിയുള്ള ഈ ചെറുവാഹനം, പത്തു

ഇന്ത്യയിൽ എത്തിയാൽ രൂപം കൊണ്ട് എംജി കോമറ്റായിരിക്കും വാഹനത്തിന്റെ പ്രധാന എതിരാളി. ജപ്പാനിലെ പ്രശസ്തമായ 'കെയ് കാർ'പ്ലാറ്റ്ഫോമിലാണ് ഇസ്കൈ ഒരുങ്ങിയിരിക്കുന്നത്. കേവലം 3,395 മില്ലിമീറ്റർ മാത്രം നീളമുള്ള ഈ വാഹനത്തിന് എംജി കോമറ്റിനേക്കാൾ 421 എംഎം നീളവും മാരുതി ആൾട്ടോയേക്കാൾ ഒതുക്കമുള്ളതുമാണ്.




വീതി 1,475 എംഎമ്മാണ് (കോമറ്റിനെക്കാൾ 30 എംഎം കൂടുതൽ), ഉയരംഏകദേശം 1,650 എംഎമ്മും. രണ്ട് ഡോറുകൾ മാത്രമുള്ള കോമറ്റിൽ നിന്ന് വ്യത്യസ്തമായി, നാലു ഡോറുകളും പ്രായോഗികമായ പിൻസീറ്റ് സൗകര്യവും നൽകിയിരിക്കുന്നു എന്നതാണ് ഇതിന്റെ പ്രധാന സവിശേഷത. കുട്ടികൾക്കും മുതിർന്നവർക്കും വളരെ എളുപ്പത്തിൽ കയറിയിറങ്ങാൻ കഴിയുന്ന തരത്തിലുള്ള ഉയരമുള്ള 'ടോൾ ബോയ്' ബോക്സി രൂപകൽപനയാണ് സുസുക്കി ഇതിന് നൽകിയിരിക്കുന്നത്.

റെട്രോ ഭംഗിയും ആധുനികതയും ഒത്തുചേരുന്ന കാഴ്ചയാണ് ഇസ്കൈയുടേത്. മുൻഭാഗത്തെ സിആകൃതിയിലുള്ള എൽഇഡി ഡിആർഎല്ലുകളും പ്രൊജക്ടർ ഹെഡ്ലാമ്പുകളും ഗ്ലോസി ബ്ലാക്ക് ഫിനിഷും വണ്ടിയുടെ ഭംഗി വർധിപ്പിക്കുന്നു. 14 ഇഞ്ച് ഫോർസ്പോക്ക് അലോയ് വീലുകളും വശങ്ങളിലേക്ക് വളഞ്ഞുനിൽക്കുന്ന പ്രീമിയം റിയർ ഗ്ലാസ് ഡിസൈനും ഇതിനെ കൂടുതൽ ആകർഷകമാക്കുന്നുണ്ട്. ഒരു എൻട്രി ലെവൽ വാഹനമാണെന്ന തോന്നൽ മാറ്റിനിർത്താൻ പിന്നിലെ എൽഇഡി ടെയിൽ ലാമ്പുകൾക്കും സാധിക്കുന്നുണ്ട്.

പ്രകടനത്തിലും കാര്യക്ഷമതയിലും മികച്ച സന്തുലിതാവസ്ഥ പുലർത്തുന്നതാണ് ഇതിന്റെ പവർട്രെയിൻ. 26 കിലോവാട്ട് അവർ ശേഷിയുള്ള ബാറ്ററി പാക്കാണ് വാഹനത്തിന് കരുത്തുപകരുന്നത്. ഒറ്റത്തവണ പൂർണമായി ചാർജ് ചെയ്താൽ പരമാവധി 310 കിലോമീറ്റർ വരെ ദൂരം പിന്നിടാൻ ഇതിനാകും. പവർ കണക്കുകൾ സുസുക്കി ഇതുവരെ പുറത്തുവിട്ടിട്ടില്ലെങ്കിലും, 60 മുതൽ 70 പിഎസ് വരെ കരുത്ത് നഗരയാത്രകൾക്കായി ഈ മോട്ടർ പ്രദാനം ചെയ്യുമെന്നാണ് കണക്കാക്കപ്പെടുന്നത്.

നൂതന സാങ്കേതിക സൗകര്യങ്ങളുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും വരുത്തിയിട്ടില്ല. വയർലെസ് ആപ്പിൾ കാർപ്ലേയും ആൻഡ്രോയിഡ് ഓട്ടോയും പിന്തുണയ്ക്കുന്ന 10.1 ഇഞ്ച് വലിയ ടച്ച്സ്ക്രീൻ ഇൻഫോടെയ്ൻമെന്റ് സിസ്റ്റം, ഡിജിറ്റൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ, ഡിജിറ്റൽ ക്ലൈമറ്റ് കൺട്രോൾ, ക്രൂസ് കൺട്രോൾ എന്നിവ അകത്തളത്തെ സമ്പന്നമാക്കുന്നു. കൂടാതെ, ഇലക്ട്രോണിക് പാർക്കിങ് ബ്രേക്ക്, ഹിൽഹോൾഡ് അസിസ്റ്റ്, എബിഎസ്, പാർക്കിങ് സെൻസറുകൾ, റിയർ ക്യാമറ തുടങ്ങിയ സുരക്ഷാ സംവിധാനങ്ങളും യാത്രക്കാർക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നു. ഇന്ത്യയിലെ എൻട്രി ലെവൽ ഇവി വിപണിയിൽ ടാറ്റ ടിയാഗോ ഇവിയും എംജി കോമറ്റും ഉണ്ടാക്കിയ മുന്നേറ്റം മുൻനിർത്തി, ഇസ്കൈയെ മാരുതി സുസുക്കി ഇന്ത്യൻ തീരത്തെത്തിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. ഏകദേശം 7 ലക്ഷം രൂപ മുതൽ 9 ലക്ഷം രൂപ വരെയുള്ള പ്രാരംഭ എക്സ്ഷോറൂം വിലയിൽ ഈ കാർ, ബജറ്റ് ഇവി വിപണിയിൽ മാരുതിയുടെ അപ്രമാദിത്യം വീണ്ടും അരക്കിട്ടുറപ്പിക്കപ്പെടും എന്നതിൽ സംശയമില്ല.

# വിൽപന 4 ലക്ഷം പിന്നിട്ട് മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ്

വാണിജ്യ വാഹന നിർമാതാക്കളായ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് ഇലക്ട്രിക് കരുത്തിൽ കുതിച്ചുപായുന്നു. വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഇലക്ട്രിക് വാഹനങ്ങളുടെ വിൽപ്പന നാല് ലക്ഷം പിന്നിട്ടു. അതോടെ ഈ നാഴികക്കല്ല് പിന്നിടുന്ന ഇന്ത്യയിലെ ആദ്യത്തെ വാണിജ്യ വാഹന നിർമ്മാതാക്കളായി മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ്. തുടർച്ചയായ നാലാം സാമ്പത്തിക വർഷവും ഇന്ത്യയിൽ ഒന്നാം സ്ഥാനത്തെത്തുന്ന ഇലക്ട്രിക് വാണിജ്യ വാഹന നിർമ്മാതാക്കളായി മാറി. പാസഞ്ചർ, കാർഗോ ലാസ്റ്റ് മൈൽ വിഭാഗങ്ങളിലായി 4 ലക്ഷം ഇവികൾ മോഡലുകളാണ് വിറ്റഴിച്ചത്.



ഓരോ ത്രീ വീലർ, ചെറുകിട വാണിജ്യ വാഹനങ്ങൾക്കും പിന്നിൽ ഒരു ഉപജീവനമാർഗ്ഗമുണ്ട്. ഒരു ഡ്രൈവർ, ഒരു കടയുടമ, ഒരു ഡെലിവറി പങ്കാളി, ഒരു ചെറുകിട ബിസിനസ്സ്. ഇന്ന്, ആ യാത്രകളിൽ 4 ലക്ഷത്തിലധികം മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ഇലക്ട്രിക് വാഹനങ്ങളിലാണ് നടക്കുന്നത്. മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് 4 ലക്ഷം ഇലക്ട്രിക് വാഹന വിൽപ്പന കടന്നതോടെ ഇന്ത്യയിലെ ആദ്യത്തെ വാണിജ്യ ഇവി നിർമ്മാതാക്കളായി ഇവർ മാറി. ഇത് രാജ്യത്തിന്റെ ഇലക്ട്രിക് ലാസ്റ്റ് മൈൽ മൊബിലിറ്റിയിലേക്കുള്ള മാറ്റത്തിലെ ഒരു പ്രധാന നാഴികക്കല്ലാണ്.

മഹീന്ദ്ര ഇലക്ട്രിക് വാണിജ്യ വാഹനങ്ങളെ ആശ്രയിക്കുന്ന ലക്ഷക്കണക്കിന് ഉപഭോക്താക്കളുടെ വിശ്വാസത്തെ ഈ നാഴികക്കല്ല് പ്രതിഫലിപ്പിക്കുന്നു. മഹീന്ദ്ര ഉഡോ, ട്രിയോ ശ്രേണി, സോർ ഗ്രാൻഡ്, സിയോ, ഇ-ആൽഫ എന്നിവയാണ് മഹീന്ദ്രയുടെ പ്രധാന ഇവി മോഡലുകൾ.

9 ബില്യണിലധികം ദൂരം മഹീന്ദ്ര മോഡലുകൾ ഇലക്ട്രിക് കിലോമീറ്റർ സഞ്ചരിച്ചിട്ടുണ്ടാകും. ഏകദേശം 1,85,000 മെട്രിക് ടൺ കാർബൺഡൈഓക്സൈഡ് എമിഷൻ ഒഴിവാക്കാൻ ഇത് സഹായിച്ചു. ഇത് 8.3 ദശലക്ഷത്തിലധികം മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് തുല്യമാണ്.

4 ലക്ഷം എന്നത് ഞങ്ങൾക്ക് വെറുമൊരു സംഖ്യയല്ല ഓരോ ദിവസവും ഞങ്ങൾ വൈദ്യുതി എത്തിച്ച 4 ലക്ഷം ഉപജീവനമാർഗമാണ്. ഈ നാഴികക്കല്ല് ഇലക്ട്രിക് തിരഞ്ഞെടുത്ത ഡ്രൈവർമാർക്കും സംരംഭകർക്കും, ഇന്ത്യയുടെ അവസാന മൈൽ സമ്പദ്‌വ്യവസ്ഥയ്ക്ക് ഇലക്ട്രിക് മൊബിലിറ്റി ഒരു പ്രായോഗിക തിരഞ്ഞെടുപ്പാക്കി മാറ്റിയ പങ്കാളികൾക്കും ടീമുകൾക്കും അവകാശപ്പെട്ടതാണ്. മഹീന്ദ്രയിൽ, ഞങ്ങളുടെ ശ്രദ്ധ വ്യക്തമാണ്: മികച്ച ഉൽപ്പന്നങ്ങൾ നിർമ്മിക്കുക, ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുക, എല്ലാ അവസാന മൈൽ ഉപഭോക്താക്കൾക്കും ഇലക്ട്രിക് മൊബിലിറ്റി ആക്സസ് ചെയ്യാവുന്നതാക്കുക' മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറും സിഇഒയുമായ ശ്രീമതി സുമൻ മിശ്ര പറഞ്ഞു,

ഉപഭോക്തൃ കേന്ദ്രീകൃത ഉൽപ്പന്നങ്ങൾ, പങ്കാളിത്തങ്ങൾ, ധനസഹായം, ഉപഭോക്തൃ പിന്തുണ എന്നിവയിലെ നിക്ഷേപങ്ങളുടെ പിന്തുണയോടെ, 2031 ഓടെ ഒരു ദശലക്ഷം ഇലക്ട്രിക് വാഹനങ്ങൾ നിരത്തിലിറക്കാനുള്ള ശ്രമത്തിലാണ് മഹീന്ദ്ര ലാസ്റ്റ്മൈൽ മൊബിലിറ്റി.

# ഐഐടി ബോംബെ കമ്പ്യൂട്ടർ സയൻസിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിലും ഇപോസ്റ്റ്ഗ്രാജുവേറ്റ് ഡിപ്ലോമ ആരംഭിക്കുന്നു

**കൊച്ചി:**ആധുനിക കമ്പ്യൂട്ടിംഗിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ വർദ്ധിച്ചുവരുന്ന പ്രാധാന്യവും, എഐ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ശക്തമായ കമ്പ്യൂട്ടർ സയൻസ് അടിത്തറയുടെ ആവശ്യകതയും തിരിച്ചറിഞ്ഞുകൊണ്ട്, ഐഐടി ബോംബെ എജ്യൂക്കേഷണൽ ഔട്ട്റീച്ച് കമ്പ്യൂട്ടർ സയൻസ് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ ഇപോസ്റ്റ്ഗ്രാജുവേറ്റ് ഡിപ്ലോമ അവതരിപ്പിക്കുന്നു. പ്രോഗ്രാമിന്റെ കമ്പ്യൂട്ടർ സയൻസ് അടിത്തറയിൽ അധിഷ്ഠിതമായി, വിപുലീകരിച്ച സിലബസിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനും മെഷീൻ ലേണിംഗിനും കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. ഐഐടി ബോംബെ ഫാക്കൽറ്റി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്ന ഈ പ്രോഗ്രാമിന്, എഡ്ടെക് പങ്കാളിയായി ഗ്രേറ്റ് ലേണിംഗ് പ്രവർത്തിക്കുന്നു. ഇത് ശക്തമായ കമ്പ്യൂട്ടർ സയൻസ് അടിത്തറയെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിലും മെഷീൻ ലേണിംഗിലുമുള്ള സമകാലിക സംഭവവികാസങ്ങളുമായി സംയോജിപ്പിക്കുന്നു. സിൻക്രണസ്, അസിൻക്രണസ് ഓൺലൈൻ ലേണിംഗിനൊപ്പം ഐഐടി ബോംബെ കാമ്പസിൽ നേരിട്ടുള്ള ഇമ്മേഴ്സൻ സെഷനുകളും ഇതിൽ ഉൾപ്പെടുന്നു.

കമ്പ്യൂട്ടിംഗിനെയും എഐയെയും കുറിച്ചുള്ള സൈദ്ധാന്തിക ധാരണ ആഴത്തിലാക്കാൻ ആഗ്രഹിക്കുന്ന, പ്രചോദിതരും സാങ്കേതികമായി പ്രാവീണ്യമുള്ളവരുമായ വ്യക്തികൾക്കായാണ് ഈ ലജഏ ഡിപ്ലോമ ഇൻ ഇട & അക രൂപകൽപ്പന ചെയ്തിരിക്കുന്നത്. കമ്പ്യൂട്ടർ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലേണിംഗ് എന്നിങ്ങനെ രണ്ട് ബാസ്ക്കറ്റുകളായി സിലബസ് ക്രമീകരിച്ചിരിക്കുന്നു. ജനറേറ്റീവ് എഐ, ലാർജ് ലാംഗ്വേജ് മോഡലുകൾ, എഐ ഏജന്റുകൾ, ഞഅഏ, ങഇജ, റൈൻഫോഴ്സ്മെന്റ് ലേണിംഗ്, കമ്പ്യൂട്ടർ വിഷൻ, ചഘജ, ഡീപ് ലേണിംഗ് എന്നിവ എഐ വിഷയങ്ങളിലും, അൽഗോരിതങ്ങളും കോംപ്ലക്സിറ്റിയും, ബ്ലോക്ക്ചെയിൻ, വെബ് ആൻഡ് സോഫ്റ്റ്വെയർ സെക്യൂരിറ്റി, ക്രിപ്റ്റോഗ്രഫി ആൻഡ് നെറ്റ്വർക്ക് സെക്യൂരിറ്റി, ബിഗ് ഡാറ്റ സിസ്റ്റം ഇന്റേണൽസ് എന്നിവ കമ്പ്യൂട്ടർ സയൻസ് വിഷയങ്ങളിലും ഉൾപ്പെടുന്നു.

ഓരോ ബാസ്ക്കറ്റിൽ നിന്നും കുറഞ്ഞത് രണ്ട് കോഴ്സുകൾ വീതം ഉൾപ്പെടെ ആകെ ആറ് കോഴ്സുകൾ വിദ്യാർത്ഥികൾ പൂർത്തിയാക്കേണ്ടതുണ്ട്. ഈ പ്രോഗ്രാം ഒരു വർഷം കൊണ്ട് പൂർത്തിയാക്കാവുന്നതാണ്, മൂന്ന് വർഷം വരെ പൂർത്തിയാക്കാനുള്ള വഴക്കവുമുണ്ട്.

'ഈ പ്രോഗ്രാം പഠിതാക്കളെ എഐ ടൂളുകൾ ഉപയോഗിക്കാൻ മാത്രമല്ല, കമ്പ്യൂട്ടർ സയൻസും ആർട്ടിഫിഷ്യൽ ഇന്റലിജൻസും അടിസ്ഥാനപരമായി മനസ്സിലാക്കാനും പ്രാപ്തരാക്കും. നാം പ്രവേശിക്കുന്ന കൂടുതൽ എഐകേന്ദ്രീകൃതമായ ലോകത്ത് പൊരുത്തപ്പെടാനും മത്സരിക്കാനും മികവ് പുലർത്താനും ഈ ആഴത്തിലുള്ള ധാരണ സഹായകമാകും,' ഐഐടി ബോംബെയിലെ കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് വകുപ്പിലെ ഫാക്കൽറ്റി കോർഡിനേറ്റർ പ്രൊഫ. വിനയ് ജെ. റിബെയ്റോ പറഞ്ഞു.

'സോഫ്റ്റ്വെയർ വികസനത്തിലും കമ്പ്യൂട്ടിംഗ് സിസ്റ്റങ്ങളിലും എഐ അവിഭാജ്യഘടകമായി മാറിക്കൊണ്ടിരിക്കുകയാണ്. പ്രൊഫഷണലുകൾക്ക് എഐ ടൂളുകളെക്കുറിച്ചുള്ള പരിചയം മാത്രം പോരാ; വിശ്വസനീയവും സ്കെയിലബിളുമായ എഐ സിസ്റ്റങ്ങളുടെ രൂപകൽപ്പനയെയും വിന്യാസത്തെയും കമ്പ്യൂട്ടർ സയൻസ് തത്വങ്ങൾ എങ്ങനെ പിന്തുണയ്ക്കുന്നു എന്നതിനെക്കുറിച്ചുള്ള ശക്തമായ അടിത്തറയും ധാരണയും അവർക്ക് ആവശ്യമാണ്. കമ്പ്യൂട്ടർ സയൻസിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിലുമുള്ള ലജഏഉ ഈ മേഖലകളെ ഒരുമിച്ച് കൊണ്ടുവരുന്നു, എഐയിൽ ഉയർന്ന ഡിമാൻഡുള്ള റോളുകൾ കരസ്ഥമാക്കാൻ ആവശ്യമായ സാങ്കേതിക ആഴം വികസിപ്പിക്കാൻ പഠിതാക്കളെ ഇത് സഹായിക്കുന്നു,' ഗ്രേറ്റ് ലേണിംഗ് സ്ഥാപകനും സിഇഒയുമായ മോഹൻ ലഖംരാജു പറഞ്ഞു.

ബിരുദ പഠനകാലത്തോ ജോലിക്കിടയിലോ കമ്പ്യൂട്ടർ സയൻസ് പഠിച്ചിട്ടുള്ള സോഫ്റ്റ്വെയർ ഡെവലപ്പർമാർ, എഞ്ചിനീയർമാർ, ഐടി പ്രൊഫഷണലുകൾ, ഡാറ്റ സയന്റിസ്റ്റുകൾ എന്നിവരെയും അടിസ്ഥാന കമ്പ്യൂട്ടർ സയൻസ് അറിവുള്ള പുതുതായി ബിരുദം നേടിയവരെയും ലക്ഷ്യമിട്ടാണ് ഈ പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്. വിജയകരമായി പൂർത്തിയാക്കുന്ന പഠിതാക്കൾക്ക് ഐഐടി ബോംബെയുടെ ഇഅലുംനി പദവി ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക: https://www.cse.iitb.ac.in/academics/programme/epgd

# മ്യൂച്വൽ ഫണ്ട് നിക്ഷേപം വർദ്ധിപ്പിക്കാൻ രാജ്യത്തുടനീളം വിപുലമായ സാമ്പത്തിക സാക്ഷരതാ പദ്ധതികളുമായി ആംഫി

**കൊച്ചി:** രാജ്യത്തെ മ്യൂച്വൽ ഫണ്ട് പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും നിക്ഷേപകരിൽ വിശ്വാസ്യത വളർത്തുന്നതിനുമായി അസോസിയേഷൻ ഓഫ് മ്യൂച്വൽ ഫണ്ട്സ് ഇൻ ഇന്ത്യ (ആംഫി) വിപുലമായ ബോധവൽക്കരണ പദ്ധതികൾ പ്രഖ്യാപിച്ചു. ആംഫിയുടെ 31ാമത് സ്ഥാപക ദിനാഘോഷ ചടങ്ങിൽ ഫ്ലാഗ്ഷിപ്പ് കാമ്പയിനായ 'മ്യൂച്വൽ ഫണ്ട്സ് സഹി ഹൈ' എന്നതിന്റെ കീഴിലാണ് ഈ പദ്ധതികൾ അവതരിപ്പിച്ചത്.

സെബി ചെയർമാൻ തുഹിൻ കാന്ത പാണ്ഡെ, സെബി മുഴുവൻ സമയ അംഗം അമർജീത് സിംഗ്, സെബി എക്സിക്യൂട്ടീവ് ഡയറക്ടർ മനോജ് കുമാർ, ആംഫി ചെയർമാൻ സുന്ദീപ് സിക്ക, ആംഫി ചീഫ് എക്സിക്യൂട്ടീവ് വെങ്കട്ട് എൻ. ചലസാനി എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു പ്രഖ്യാപനം.

മ്യൂച്വൽ ഫണ്ട് വിതരണക്കാരുടെ തൊഴിൽപരമായ കാര്യക്ഷമതയും ധാർമ്മിക നിലവാരവും ഉയർത്താൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെക്യൂരിറ്റീസ് മാർക്കറ്റ്സുമായി കൈകോർക്കുന്നു. അടുത്ത 12 മാസത്തിനുള്ളിൽ 1012 പ്രധാന നഗരങ്ങളിലായി 20 വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ച് 10,000ത്തോളം വിതരണക്കാർക്ക് പരിശീലനം നൽകും. എൻഐഎസ്എം ഡയറക്ടർ ശശി കൃഷ്ണന്റെ സാന്നിധ്യത്തിലാണ് ധാരണാപത്രം കൈമാറിയത്.

സ്വയംസഹായ സംഘാംഗങ്ങൾ, മൈക്രോഫിനാൻസ് ഉപഭോക്താക്കൾ എന്നിവർക്കിടയിൽ സാമ്പത്തിക സാക്ഷരത വളർത്താൻ ആർബിഐ അംഗീകൃത സംഘടനയായ 'സാ ധൻ' എന്ന സ്ഥാപനവുമായി സഹകരിക്കും. 5 സംസ്ഥാനങ്ങളിലായി 500 ബോധവൽക്കരണ പരിപാടികളിലൂടെ 25,000 ആളുകളിലേക്ക് എത്തും. കൂടാതെ ബോധവൽക്കരണത്തിനായി 100 'നിവേഷ് സഖി'മാരെ സജ്ജരാക്കും. സാ ധൻ ട്രഷററും ഡയറക്ടറുമായ കിരൺ കുമാറിന്റെ സാന്നിധ്യത്തിലാണ് കരാർ ഒപ്പുവെച്ചത്.

ചെറിയ നഗരങ്ങളിലേക്കും ഗ്രാമീണ മേഖലകളിലേക്കും നിക്ഷേപ ബോധവൽക്കരണം എത്തിക്കാൻ സംഘടിപ്പിക്കുന്ന അനുഭവവേദ്യമായ മേള. ഗെയിമുകൾ, വിദഗ്ധരുമായുള്ള ചർച്ചകൾ, സാംസ്കാരിക പരിപാടികൾ എന്നിവയിലൂടെ എസ്ഐപി, കൂട്ടുപലിശയുടെ ശക്തി, തട്ടിപ്പുകൾ തടയൽ തുടങ്ങിയവ ലളിതമായി വിശദീകരിക്കുന്നു. 'വേൾഡ് ഇൻവെസ്റ്റർ വീക്കിൽ' 5 നഗരങ്ങളിൽ ഇത് ആദ്യഘട്ടമായി പരീക്ഷണ പദ്ധതി എന്ന നിലയിൽ നടപ്പിലാക്കും.

കായികതാരം മിലിന്ദ് സോമന്റെ നേതൃത്വത്തിലുള്ള വനിതാ ഓട്ടമത്സരമായ 'പിങ്കത്തണുമായി' സഹകരിച്ച് സ്ത്രീകളിൽ സാമ്പത്തിക സാക്ഷരത വളർത്തുന്നു. 15 നഗരങ്ങളിലെ സിറ്റി മാരത്തൺ പരമ്പരയും 52 നഗരങ്ങളിലെ പിങ്കത്തൺ ദിനവും ഇതിന്റെ ഭാഗമാകും.

ഇന്ത്യൻ മ്യൂച്വൽ ഫണ്ട് മേഖലയുടെ വളർച്ചയും നിക്ഷേപകരുടെ മാറുന്ന രീതികളും വ്യക്തമാക്കുന്ന വിവരശേഖരമായ 'ഫാക്റ്റ് ബുക്കിന്റെ' പുതിയ പതിപ്പ് പുറത്തിറക്കി. ക്രിസിൽ ഗ്ലോബൽ കാപ്പബിലിറ്റി സെന്റർ പ്രസിഡന്റ് പ്രീതി അറോറയുടെ സാന്നിധ്യത്തിലാണ് ഇത് പ്രകാശനം ചെയ്തത്.

# ഒരുക്കാം ഒരുമയുടെ ഓണസദ്യ; കേരളത്തിലെ വീടുകളിലെ കൈപ്പുണ്യത്തിന് ആദരമൊരുക്കി സ്മാർട്ട് ബസാർ




**കൊച്ചി**: കേരളത്തിലെ വീടുകളിലെ തനതു സദ്യാരുചികളെയും കൈപ്പുണ്യങ്ങളെയും മുൻനിർത്തി സ്മാർട്ട് ബസാർ സംഘടിപ്പിച്ച 'ഒരുക്കാം ഒരുമയുടെ ഓണസദ്യ' ക്യാമ്പയിൻ സമാപിച്ചു. ഉപഭോക്താക്കൾക്ക് തങ്ങളുടെ സ്വന്തം സിഗ്നേച്ചർ സദ്യാ വിഭവങ്ങൾ അവതരിപ്പിക്കാൻ അവസരമൊരുക്കി ഒരു മാസം നീണ്ടുനിന്ന ഈ മത്സരങ്ങൾ കേരളത്തിലെ തിരഞ്ഞെടുത്ത 13 സ്മാർട്ട് ബസാർ സ്റ്റോറുകളിലാണ് നടന്നത്.

നടി പൂർണിമ ഇന്ദ്രജിത്ത്, ഷെഫ് ആതിര എന്നിവർ നേതൃത്വം നൽകിയ ക്യാമ്പയിനിൽ 5,500ലധികം രജിസ്ട്രേഷനുകളും 1,100ലധികം സജീവ പങ്കാളിത്തവും രേഖപ്പെടുത്തി. സമാപനത്തോടനുബന്ധിച്ച് കൊച്ചി സെന്റർ സ്ക്വയർ മാളിൽ നടന്ന ചടങ്ങിൽ 'ഓണസദ്യ കുക്ക് ബുക്ക്' പ്രകാശനം ചെയ്തു. .മത്സരത്തിൽ വിജയിച്ച പ്രാദേശിക പ്രതിഭകളുടെ പേരും അവരുടെ വിഭവങ്ങളും അടയാളപ്പെടുത്തിയാണ് ഓണസദ്യ കുക്ക് ബുക്ക്' പുറത്തിറക്കിയിരിക്കുന്നത്.

കേവലം ഒരു മത്സരത്തിനപ്പുറം, കേരളത്തിന്റെ തനത് ഭക്ഷണസംസ്കാരത്തെയും വീടുകളിലെ പാചകപ്രതിഭകളെയും ഒരുപോലെ ആദരിക്കുന്ന ഒന്നായി സ്മാർട്ട് ബസാറിന്റെ ഒരുക്കാം ഒരുമയുടെ ഓണസദ്യപരിപാടി മാറി.

# ഓണം ഫെസ്റ്റിവൽ കളക്ഷനുമായി ബാറ്റ ഇന്ത്യ

**കൊച്ചി:** ഓണം പ്രമാണിച്ച് സവിശേഷ ഫെസ്റ്റിവൽ കളക്ഷനുമായി രാജ്യത്തെ മുൻനിര ഫുട്വെയർ ബ്രാൻഡായ ബാറ്റ ഇന്ത്യ.

ട്രെൻഡിംഗ് ഫാഷനും കംഫർട്ട് ഡിസൈനും ഒത്തിണങ്ങിയ കളക്ഷനാണ് ഓണവിപണിയിലെത്തിച്ചിരിക്കുന്നതെന്ന് ബാറ്റാ ഇന്ത്യ ചീഫ് സ്ട്രാറ്റജി ആൻഡ് ബിസിനസ് ഡെവലപ്മെൻറ് ഓഫീസർ ബദ്രി ബെറിവാൾ പറഞ്ഞു.

799 രൂപ മുതലാണ് വിലനിലവാരം. യുവതാരം അനുഷ്മ അനിൽകുമാറുമായി ചേർന്നുള്ള ഓണം കാന്പയിനും തുടക്കമായിട്ടുണ്ട്.

# പെപ്പർ അവാർഡ്സ് ഇരുപതാം പതിപ്പിന് ഒരുക്കങ്ങളായി

**കൊച്ചി:** ദക്ഷിണേന്ത്യയിലെ പരസ്യം, ഡിസൈൻ, ഡിജിറ്റൽ, ഫിലിം, കണ്ടൻറ് തുടങ്ങി വിവിധ മേഖലകളിലെ സർഗാത്മക മികവിനെ ആദരിക്കുന്ന ശ്രദ്ധേയ പുരസ്കാര വേദികളിലൊന്നായ പെപ്പർ അവാർഡ്സിന്റെ ഇരുപതാം മൈൽസ്റ്റോൺ പതിപ്പിന് ഒരുക്കങ്ങളായി.

പെപ്പർ ക്രിയേറ്റീവ് അവാർഡ്സ് ട്രസ്റ്റ് സംഘടിപ്പിക്കുന്ന പരിപാടിയിൽ ഇക്കുറി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള സർഗാത്മക സൃഷ്ടികൾക്ക് എൻട്രി നൽകാനാകും. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഏജൻസികൾ, ബ്രാൻഡുകൾ, ക്രിയേറ്റീവ് പ്രഫഷണലുകൾ എന്നിവരിൽനിന്നായി 1,000ത്തിലധികം എൻട്രികൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പ്രമുഖ ക്രിയേറ്റീവ് പ്രഫഷണലുകൾ ഉൾപ്പെടുന്ന ശക്തമായ ജൂറിയാണ് 20ാം പതിപ്പിന്റെ പ്രത്യേകതയെന്ന് പെപ്പർ ക്രിയേറ്റീവ് അവാർഡ്സ് ട്രസ്റ്റ് ചെയർമാൻ വേണുഗോപാൽ പറഞ്ഞു. കൊച്ചിയിൽ നടന്ന കോൾ ഫോർ എൻട്രി ചടങ്ങിൽ ബിബിഡിഒ ഇന്ത്യ ചെയർമാനും ചീഫ് ക്രിയേറ്റീവ് ഓഫീസറുമായ ജോസി പോൾ, ബാംഗ് ഇൻ ദ മിഡിൽ സഹസ്ഥാപകനും ചീഫ് ക്രിയേറ്റീവ് ഓഫീസറുമായ പ്രതാപ് സുതൻ എന്നിവർ മുഖ്യാതിഥികളായിരുന്നു.

പെപ്പർ അവാർഡ്സ് 2026ൻറെ പുരസ്കാരദാന ചടങ്ങ് നവംബറിൽ കൊച്ചിയിലെ ബോൾഗാട്ടി ഇവൻറ് സെൻററിലാണ് നടക്കുക. എൻട്രി, കാറ്റഗറി, എന്നിവയെക്കുറച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് 98460 50589, 75599 50909 എന്നീ നന്പറുകളിൽ വിളിക്കണം. വെബ്സൈറ്റ്: www.pepperawards.com




# ഇരിങ്ങാലക്കുടയുടെ മനം നിറച്ച് ഐ. സി. എൽ. ഒന്നിച്ചോണം പൊന്നോണം

**ഇരിങ്ങാലക്കുട:** ഐ. സി. എൽ. ഒന്നിച്ചോണം പൊന്നോണം ഓണാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ഘോഷയാത്ര വർണ്ണാഭമായി. കൂടൽമാണിക്യം ക്ഷേത്ര പരിസരത്തു നിന്നും ആരംഭിച്ച ഘോഷയാത്ര അഡ്വ. തോമസ് ഉണ്ണിയാടൻ എം. എൽ. എ. ഫ്ളാഗ് ഓഫ് ചെയ്തു. മുനിസിപ്പൽ ചെയർമാൻ എം പി ജാക്സൻ, ഐ.സി .എൽ. ഫിൻകോർപ് ചെയർമാൻ & മാനേജിങ്ങ് ഡയറക്ടർ അഡ്വ കെ. ജി. അനിൽകുമാർ, സി. ഇ. ഒ. ഉമ അനിൽകുമാർ, മുൻ മന്ത്രി ഡോ ആർ. ബിന്ദു, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ടി. കെ. സുധീഷ്, കെ. പി. സി സി. ജനറൽ സെക്രട്ടറി സോണിയ ഗിരി, നഗരസഭ പ്രതിപക്ഷ നേതാവ് പി. വി. ശിവകുമാർ, ബി. ജി. പി. സൗത്ത് ജില്ലാ ജനറൽ സെക്രട്ടറി കൃപേഷ് ചെമ്മണ്ട, മുസ്‌ലിംലീഗ് നിയോജക മണ്ഡലം പ്രസിഡണ്ട് കെ. എ. റിയാസുദ്ദീൻ എന്നിവർ പങ്കെടുത്തു.

പുലിക്കളി, കുമ്മാട്ടിക്കളി, ഫ്ളാഷ് മോബ്, തിരുവാതിരക്കളി, ഓണവുമായി ബന്ധപ്പെട്ട ഫാൻസി ഡ്രസ്സ് തുടങ്ങി നിരവധി കലാരൂപങ്ങളുടെയും വാദ്യഘോഷങ്ങളുടെയും അകമ്പടിയോടെ നടന്ന ഘോഷയാത്ര നഗരം ചുറ്റി മുനിസിപ്പൽ മൈതാനിയിൽ സമാപിച്ചു.




# റെയിൽവേ സ്റ്റേഷനിലെ തൊഴിലാളികൾക്ക് ഓണക്കിറ്റുകൾ നൽകി മുത്തൂറ്റ് ഫിനാൻസ്

**കൊച്ചി:** ഓണാഘോഷത്തോടനുബന്ധിച്ച് മുത്തൂറ്റ് ഫിനാൻസ് സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായി എറണാകുളം ജംഗ്ഷൻ (സൗത്ത്), എറണാകുളം ടൗൺ (നോർത്ത്) റെയിൽവേ സ്റ്റേഷനുകളിലെ ശുചീകരണ ജീവനക്കാർക്കും ചുമട്ടുതൊഴിലാളികൾക്കുമായി 132 ഓണക്കിറ്റുകൾ വിതരണം ചെയ്തു. ഇരു റെയിൽവേ സ്റ്റേഷനുകളിലെയും ഉദ്യോഗസ്ഥരുടെ സഹകരണത്തോടെയായിരുന്നു വിതരണം. പ്രതിദിനം ആയിരക്കണക്കിന് യാത്രക്കാർക്ക് വൃത്തിയുള്ളതും സൗകര്യപ്രദവുമായ റെയിൽവേ സ്റ്റേഷൻ അന്തരീക്ഷം ഒരുക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്നവരോടുള്ള ആദരസൂചകമായാണ് ഈ ഓണത്തിന് പലവ്യഞ്ജന കിറ്റുകൾ വിതരണം ചെയ്തത്.

മുത്തൂറ്റ് ഫിനാൻസ് കൺസൾട്ടന്റ് വിനു മാമ്മൻ, കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് കണ്ടന്റ് മാനേജർ പത്മകുമാർ പി എന്നിവരുടെ നേതൃത്വത്തിലാണ് കിറ്റുകൾ വിതരണം ചെയതത്. എറണാകുളം ജംഗ്ഷൻ (സൗത്ത്) റെയിൽവേ സ്റ്റേഷൻ മാസ്റ്റർ ശിവകുമാർ, ചീഫ് ഹെൽത്ത് ഇൻസ്പെക്ടർ സിന്ധു എം, ഹെൽത്ത് ഇൻസ്പെക്ടർ കൃഷ്ണകുമാർ, സ്മിത, ഡെപ്യൂട്ടി സ്റ്റേഷൻ മാനേജർ (കൊമേഴ്സ്യൽ) ഗണേഷ്, പ്രവീൺ, എറണാകുളം ടൗൺ (നോർത്ത്) റെയിൽവേ സ്റ്റേഷൻ മാനേജർ വർഗീസ് സ്റ്റീഫൻ എ, ഡെപ്യൂട്ടി സ്റ്റേഷൻ മാനേജർ (കൊമേഴ്സ്യൽ) അനിൽ എന്നിവർ പങ്കെടുത്തു.

# സാംസങ് സോൾവ് ഫോർ ടുമാറോ സെമിഫൈനലിസ്റ്റ് ടീമുകളെ പ്രഖ്യാപിച്ചു

**കൊച്ചി:** സാംസങ് ഇന്ത്യയുടെ അഞ്ചാം പതിപ്പായ 'സോൾവ് ഫോർ ടുമാറോ 2026' മത്സരത്തിന്റെ മികച്ച 40 സെമിഫൈനലിസ്റ്റ് ടീമുകളെ പ്രഖ്യാപിച്ചു. 15 സംസ്ഥാനങ്ങളിൽ നിന്നും 26 നഗരങ്ങളിൽ നിന്നുമായി തിരഞ്ഞെടുക്കപ്പെട്ട ഈ യുവ പ്രതിഭകളിൽ പകുതിയിലധികവും ടിയർ 2, ടിയർ 3 നഗരങ്ങളിൽ നിന്നുള്ളവരാണ്. കൃത്രിമ ബുദ്ധി, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി സുസ്ഥിരത, കായികം തുടങ്ങിയ മേഖലകളിലെ നൂതന ആശയങ്ങൾക്കാണ് ഇവർ രൂപം നൽകിയിരിക്കുന്നത്. കേരളത്തിലെ തൃശൂരിൽ നിന്നുള്ള അക്കോസ്റ്റിനോഡ് സിസ്റ്റംസ് അടക്കമുള്ള ടീമുകൾ ഇതിൽ ഉൾപ്പെടുന്നുണ്ട്.

സെമിഫൈനലിലെത്തിയ ഓരോ ടീമിനും പ്രോട്ടോടൈപ്പ് വികസനത്തിനായി പ്രത്യേക ധനസഹായവും സാംസങ് ലാപ്ടോപ്പുകളും ലഭിക്കും. സെപ്റ്റംബറിൽ ആരംഭിക്കുന്ന ഇന്നൊവേഷൻ ബൂട്ട്ക്യാമ്പിലും ഐ.ഐ.ടി ഡൽഹിയുടെ ഫിറ്റിന്റെയും നേതൃത്വത്തിൽ ഇവർക്ക് വിദഗ്ധ പരിശീലനവും മാർഗനിർദേശവും നൽകും. തുടർന്ന് നടക്കുന്ന മത്സരങ്ങളിൽ വിജയികളാകുന്ന മികച്ച 20 ടീമുകൾക്കും അവസാന ഘട്ടത്തിൽ കോടികളുടെ ഗ്രാന്റുകളും പ്രമുഖ സമ്മാനങ്ങളും സ്വന്തമാക്കാൻ അവസരമൊരുങ്ങും.

# മഹാത്മജി പുരസ്കാർ 2026: നാമനിർദ്ദേശം ക്ഷണിച്ചു

**കൊച്ചി:** ജവഹർലാൽ നെഹ്റു കൾച്ചറൽ സൊസൈറ്റി മികച്ച ജനപ്രതിനിധികൾക്ക് നൽകുന്ന മഹാത്മജി പുരസ്കാർ 2026ലേക്ക് പൊതുജനങ്ങളിൽ നിന്നും വിവിധ സംഘടനകളിൽ നിന്നും നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു.

പാർലമെന്റ് അംഗങ്ങൾ, രാജ്യസഭാ അംഗങ്ങൾ, നിയമസഭാ അംഗങ്ങൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/അംഗങ്ങൾ, കോർപ്പറേഷൻ മേയർ/അംഗങ്ങൾ, മുനിസിപ്പൽ ചെയർമാൻ/അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/അംഗങ്ങൾ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/അംഗങ്ങൾ തുടങ്ങിയ വിഭാഗങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച ജനപ്രതിനിധികളെയാണ് പുരസ്കാരത്തിനായി പരിഗണിക്കുന്നത്.

ജനക്ഷേമ പ്രവർത്തനങ്ങൾ, വികസന പ്രവർത്തനങ്ങൾ, സാമൂഹിക പ്രതിബദ്ധത, പൊതുസേവന രംഗത്തെ മികച്ച സംഭാവനകൾ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും നാമനിർദ്ദേശങ്ങൾ പരിഗണിക്കുക.

പുരസ്കാരത്തിനുള്ള നാമനിർദ്ദേശങ്ങൾ സെപ്തംബർ 10നകം സമർപ്പിക്കണം. നാമനിർദ്ദേശങ്ങൾ jawaharlalnehruculturalsocitey@gmail.com എന്ന ഇമെയിൽ വിലാസത്തിലോ 9605302715, 9447105395 എന്നീ വാട്സ്ആപ്പ് നമ്പറുകളിലേക്കോ അയക്കാവുന്നതാണ്.

ഗാന്ധിജയന്തി ദിനത്തിൽ തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ മഹാത്മജി പുരസ്കാരങ്ങൾ വിതരണം ചെയ്യുമെന്ന് ജവഹർലാൽ നെഹ്റു കൾച്ചറൽ സൊസൈറ്റി പ്രസിഡന്റ് പൂവച്ചൽ സുധീറും നാഷണൽ കോർഡിനേറ്റർ യൂസഫ് അൻസാരിയും അറിയിച്ചു.

# ജോസ്കോ കൊച്ചി ഷോറൂമുകളിൽ ഓണം ഫെസ്റ്റ്

**കൊച്ചി:** ഓണാഘോഷങ്ങൾക്ക് മാറ്റുകൂട്ടാൻ ജോസ്കോ ജുവല്ലേഴ്സ് കൊച്ചി ഷോറൂമുകളിൽ ഓണം ഫെസ്റ്റ് സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് 28 വരെ നടക്കുന്ന ഫെസ്റ്റിൽ സ്വർണം, ഡയമണ്ട്, അൺകട്ട് ഡയമണ്ട് ആഭരണങ്ങൾക്ക് പണിക്കൂലിയിൽ 55% കിഴിവ് ലഭിക്കും.

ഉപഭോക്താക്കൾക്കായി നിരവധി ആകർഷക ഓഫറുകളും ഒരുക്കിയിട്ടുണ്ട്. 75,000 രൂപയ്ക്ക് മുകളിലുള്ള സ്വർണാഭരണ പർച്ചേസുകൾക്ക് ഓണപ്പുടവ സമ്മാനമായി ലഭിക്കും. എല്ലാ പർച്ചേസുകൾക്കും ഓണ സമ്മാനങ്ങളും ഒരുക്കിയിട്ടുണ്ട്.

നറുക്കെടുപ്പിലൂടെ സ്വർണാഭരണങ്ങൾ, സ്വർണനാണയങ്ങൾ, ഗൃഹോപകരണങ്ങൾ എന്നിവ ഭാഗ്യശാലികൾക്ക് സമ്മാനമായി ലഭിക്കും.

പഴയ സ്വർണാഭരണങ്ങൾ എക്സ്ചേഞ്ച് ഓഫറിലൂടെ ഉയർന്ന മൂല്യത്തിൽ മാറ്റിയെടുക്കുവാനുള്ള അവസരമുണ്ട്.

ഓണത്തോടനുബന്ധിച്ച് കുടുംബസമേതം എത്തുന്ന ഉപഭോക്താക്കൾക്ക് മികച്ച ഷോപ്പിംഗ് അനുഭവവും ആകർഷക സമ്മാനങ്ങളും ഒരുക്കിയിരിക്കുന്നതായി അധികൃതർ അറിയിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com